"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - 2023-24 സാമ്പത്തിക വർഷത്തിൽ മലയാളം മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് റെസ്യൂം ചെയ്ത തുക നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ടായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.245/2024/CLAD തീയതി,തിരുവനന്തപുരം, 17-05-2024

പരാമർശം:- 1. സർക്കുലർ നം.22/2024/ധന തീയതി 03.04.2024

2. മലയാളം മിഷൻ ഡയറക്ടറുടെ 19.04.2024 തീയതിയിലെ 2115/2022/മ.മി നമ്പർ കത്ത്

**ഉത്തരവ്**

-

മലയാളം മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും 30.03.2024-ൽ 20,83,238/-രൂപ റിസംഷനായി പിൻവലിച്ചിരുന്നുവെന്നും പ്രസ്തുത തുക പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ നൽകണമെന്നും മലയാളം മിഷൻ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. 30.03.2024 തീയതിയിലെ Sq no.26274 പ്രകാരം 15,00,000/- രൂപയും Sq no. 26275 പ്രകാരം 5, 83,238/- രൂപയും റെസ്യൂം ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് സബ് ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷന്റെ PSTSB അക്കൗണ്ട് നമ്പറായ 799012700001403-ൽ നിന്നും 30.03.2024-ൽ സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് റെസ്യൂം ചെയ്ത 20,83,238/-രൂപ (ഇരുപത് ലക്ഷത്തി എൺപത്തി മൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ട് രൂപ) മലയാളം മിഷന് പ്ലാൻ ഫണ്ടായി നടപ്പ് സാമ്പത്തിക വർഷം 2202-05-102-86-(plan) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ സ്കീം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്) കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി. ഒ., തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 07.05.2024-ലെ 2773459/EDN-C3/144/2024-Fin പ്രകാരം)

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (C1/72/2024-CLAD)/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 17-05-2024 13:22:42
സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്